"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - വിവരപൊതുജന സമ്പർക്ക വകുപ്പിലെ അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം / സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.4404/2023/GAD തീയതി,തിരുവനന്തപുരം, 27-09-2023

---

പരാമർശം:- സ.ഉ.(അച്ചടി) നം. 15/2023/പൊ.ഭ.വ തീയതി 01.09.2023.

**ഉത്തരവ്**

വിവര പൊതുജന സമ്പർക്ക വകുപ്പിലെ 2023 വർഷത്തെ പരാമർശ പ്രകാരമുള്ള സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേയ്ക്ക് ചുവടെപ്പറയും പ്രകാരം സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി ഉടൻ പ്രാബല്യത്തിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**I) അഡീഷണൽ ഡയറക്ടർ (118100-163400 രൂപ ശമ്പള സ്കെയിൽ) സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/നിയമനം**

1. പരാമർശത്തിലെ സെലക്ട് ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയർ ആയ ഡെപ്യൂട്ടി ഡയറക്ടറും നിലവിൽ കേരള മീഡിയ അക്കാദമി സെക്രട്ടറി തസ്തികയിൽ ജോലിചെയ്തു വരുന്നതുമായ ശ്രീ. കെ.ജി സന്തോഷ് (പെൻ: 197551) ന് അഡീഷണൽ ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. കെ.ജി.സന്തോഷ് - നെ അഡീഷണൽ ഡയറക്ടർ (ഇലക്ട്രോണിക് മീഡിയ) തസ്തികയിൽ നിയമിക്കുന്നു.

**സ്ഥലം മാറ്റം**

അഡീഷണൽ ഡയറക്ടർ (ജനറൽ) തസ്തികയിൽ ജോലിചെയ്തുവരുന്ന ശ്രീ അബ്ദുൾ റഷീദിനെ അഡീഷണൽ ഡയറക്ടർ (കൾച്ചർ & ഫീൽഡ് പബ്ലിസിറ്റി) ആയും അഡീഷണൽ ഡയറക്ടർ (കൾച്ചർ & ഫീൽഡ് പബ്ലിസിറ്റി) തസ്തികയിൽ ജോലിചെയ്തുവരുന്ന ശ്രീ. സലിൻ മാങ്കുഴിയെ അഡീഷണൽ ഡയറക്ടർ (ജനറൽ) ആയും പരസ്പരം മാറ്റി നിയമിക്കുന്നു.

**II) ഡെപ്യൂട്ടി ഡയറക്ടർ (107800-160000 രൂപ ശമ്പള സ്കെയിൽ) സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം/നിയമനം**

1. പരാമർശത്തിലെ സെലക്ട് ലിസ്റ്റ് പ്രകാരം ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ ഏറ്റവും സീനിയറായ കോഴിക്കോട് ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ ജോലിചെയ്തുവരുന്ന ശ്രീമതി ദീപ കെ. (പെൻ : 747770) - യ്ക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന്, ശ്രീമതി ദീപ കെ. - യെ റൂറൽ ഇൻഫർമേഷൻ ബ്യൂറോ ചീഫ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

2. പരാമർശത്തിലെ സെലക്ട് ലിസ്റ്റിലെ തൊട്ടടുത്ത സ്ഥാനക്കാരനും നിലവിൽ ലോട്ടറി പബ്ലിസിറ്റി ഓഫീസർ തസ്തികയിൽ ജോലിചെയ്തുവരുന്നതുമായ ശ്രീ. ബി.റ്റി. അനിൽകുമാർ (പെൻ : 669516) - ന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന്, ശ്രീ. ബി.റ്റി. അനിൽകുമാറിനെ, ശ്രീ അനിൽ ഭാസ്കറിനെ സ്ഥലംമാറ്റുന്ന ഒഴിവിൽ കണ്ണൂർ ആർ.ഡി.ഡി തസ്തികയിൽ നിയമിക്കുന്നു.

<u>സ്ഥലംമാറ്റം</u>

1. സ്ഥലംമാറ്റുന്ന ശ്രീ അനിൽ ഭാസ്കറിനെ കേരള മീഡിയ അക്കാദമി സെക്രട്ടറിയായി നിയമിക്കുന്നു.

2. ഡെപ്യൂട്ടി ഡയറക്ടർ (പ്രസിദ്ധീകരണം) തസ്തികയിൽ ജോലിചെയ്തു വരുന്ന ശ്രീമതി വി.പി അശ്വതിയെ ഡെപ്യൂട്ടി ഡയറക്ടർ (ഫീൽഡ് പബ്ലിസിറ്റി) തസ്തികയിലും, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ചീഫ് ഇൻഫർമേഷൻ ഓഫീസർ തസ്തികയിൽ ജോലിചെയ്തു വരുന്ന ശ്രീമതി കെ.പി സരിതയെ ഡെപ്യൂട്ടി ഡയറക്ടർ (പ്രസിദ്ധീകരണം) തസ്തികയിലും പരസ്പരം മാറ്റി നിയമിക്കുന്നു.

3. ഡെപ്യൂട്ടി ഡയറക്ടർ (വിഷ്വൽ കമ്യൂണിക്കേഷൻ) തസ്തികയിൽ ജോലിചെയ്തു വരുന്ന ശ്രീ എസ്.ആർ പ്രവീണിനെ ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം) തസ്തികയിലും ഡെപ്യൂട്ടി ഡയറക്ടർ (ഫീൽഡ് പബ്ലിസിറ്റി) തസ്തികയിൽ ജോലിചെയ്തുവരുന്ന ശ്രീ കെ.എസ്. ശൈലേന്ദ്രനെ ഡെപ്യൂട്ടി ഡയറക്ടർ (വിഷ്വൽ കമ്യൂണിക്കേഷൻ) തസ്തികയിലും പരസ്പരം മാറ്റി നിയമിക്കുന്നു.

4. കൊല്ലം ആർ.ഡി.ഡി. തസ്തികയിൽ ജോലിചെയ്തുവരുന്ന ശ്രീ സുനിൽ ഹസ്സനെ ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ) തസ്തികയിൽ മാറ്റി നിയമിക്കുന്നു.

5. ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം) തസ്തികയിൽ ജോലിചെയ്തുവരുന്ന ശ്രീ കെ.എം. അയ്യപ്പനെ, ശ്രീ. സുനിൽ ഹസ്സനെ സ്ഥലം മാറ്റിയ ഒഴിവിൽ കൊല്ലം ആർ.ഡി.ഡി ആയി നിയമിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (വകുപ്പ് മുഖാന്തിരം)
സെക്രട്ടറി, മീഡിയ അക്കാദമി, കാക്കനാട്, എറണാകുളം
ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ ഓഫീസ്, കോഴിക്കോട്
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
ഡയറക്ടർ, ലോട്ടറി പബ്ലിസിറ്റി ഓഫീസ്, തിരുവനന്തപുരം
ആർ.ഡി.ഡി, കണ്ണൂർ
ആർ.ഡി.ഡി, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം/കൊല്ലം/എറണാകുളം/കോഴിക്കോട്
സബ്ട്രഷറി ഓഫീസർ, സെക്രട്ടേറിയേറ്റ് സബ് ട്രഷറി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 29-09-2023 10:27:46
സെക്ഷൻ ഓഫീസർ